ക്ഷേമവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ) :

(എ) പൊതുവിതരണ സമ്പ്രദായം മെച്ചപ്പെടുത്തുന്നതിനുവേണ്ടി നിത്യോപയോഗ സാധനങ്ങളായ അരി, ഗോതമ്പ്, പഞ്ചസാര മണ്ണെണ്ണ, പാംഓയിൽ എന്നിവ കേന്ദ്ര ഗവൺമെൻറ് നിജപ്പെടുത്തിയ വിലകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിൻെറ എല്ലാ ഭാഗത്തുമുള്ള റേഷൻഷോപ്പുകൾ വഴി 47 ലക്ഷത്തോളം കാർഡുടമകൾക്ക് വിതരണം ചെയ്തുവരുന്നു. കൂടാതെ മറ്റു നിത്യോപയോഗ സാധനങ്ങളുടെ നിയന്ത്രണ വിലയ്ക്ക് മാവേലിസ്റ്റോറുകൾ സഹകരണ മാവേലി സ്റ്റോറുകൾ എന്നിവ വഴി വിതരണം ചെയ്തുവരുന്നു.

(ബി) സംസ്ഥാന ഗവൺമെൻറ് ആവശ്യപ്പെട്ട പ്രകാരം 1986 ജൂൺ മാസം മുതൽ വർദ്ധിപ്പിച്ച അരിവിഹിതം നൽകുന്നുണ്ട്. സംസ്ഥാനത്തിനാവശ്യമുള്ളതിലധികം ഗോതമ്പ് കേന്ദ്ര വിഹിതമായി ലഭിക്കുന്നുണ്ട്. 1986 ജൂൺ മുതൽ വർദ്ധിച്ചുകിട്ടിയ അരി വിഹിതം താഴെ കൊടുക്കുന്നു.

(സി)	ജൂൺ	1986	1.45	ലക്ഷം ടൺ
	ജൂലായ്	,,	1.50	,,
	ആഗസ്റ്റ്	,,	1.50	,,
	സെപ്റ്റംബർ	,,	1.65	,,
	ഒക്ടോബർ	,,	1.50	,,

കേരള അഗ്രികൾച്ചറൽ മാർക്കറ്റിംഗ് പ്രോജക്ട്

*140 [144] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ :

(എ) ലോക ബാങ്ക് സഹായത്തിന് കേന്ദ്ര ശുപാർശയ്ക്കായി 280 കോടി ഉറുപ്പികയുടെ "കേരള അഗ്രികൾച്ചറൽ മാർക്കറ്റിംഗ് പ്രോജക്ട്" എന്ന പദ്ധതി സംസ്ഥാന ഗവൺമെൻറ് കേന്ദ്രത്തിന് സമർപ്പിച്ചുവോ ; എങ്കിൽ എന്ന് ;

(ബി) ഈ പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇപ്പോൾ കേന്ദ്രം ലോകബാങ്ക് സഹായത്തിനായി മുൻഗണന നൽകി സമർപ്പിച്ച പദ്ധതികളിൽ കേരളത്തിൻെറ ഈ പദ്ധതിയില്ലായെന്നറിയുന്നത് ശരിയാണോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. സുന്ദരൻ നാടാർ) :

(എ) 185.882 കോടി രൂപയുടെ പദ്ധതി 1985 മാർച്ചുമാസത്തിൽ കേന്ദ്രഗവൺമെൻറിനു സമർപ്പിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കാർഷികോൽപ്പന്നങ്ങളുടെ സംഭരണം, സംസ്ക്കരണം, വിപണനം എന്നിവയ്ക്കു നിലവിലുള്ള സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനും വിപുലപ്പെടുത്തുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ പദ്ധതി.

(സി) സംസ്ഥാനഗവൺമെൻറ് പദ്ധതി കേന്ദ്രഗവൺമെൻറിന് സമർപ്പിക്കുകയും കേന്ദ്രഗവൺമെൻറ് യഥാസമയം അത് ലോകബാങ്കിന് നൽകുകയും ചെയ്തു. തുടർന്ന് കേന്ദ്രഗവൺമെൻറിൽനിന്നും ലഭിച്ച സന്ദേശമനുസരിച്ച് ഈ പദ്ധതിക്ക് ലോകബാങ്ക് സഹായം ലഭിക്കുന്നതിനുള്ള സാദ്ധ്യത വളരെ കുറവാണെന്നും അതുകൊണ്ട് യൂറോപ്യൻ സാമ്പത്തികസമൂഹത്തിൻെറ സഹായം ലഭ്യമാക്കുന്നതിനുവേണ്ടി അവരെ സമീപിച്ചിരിക്കുകയാണെന്നും അറിയിച്ചിട്ടുണ്ട്.

കൺസ്യൂമർ കോൺട്രിബ്യൂഷൻ സമ്പ്രദായം

* 142. [146] ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് :
ശ്രീമതി പി. ദേവുട്ടി :
,, കെ. ആർ. ഗൗരി :
ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ :
,, ജി. വരദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യുച്ഛക്തി കണക്ഷൻ നൽകുന്നതിന് കൺസ്യൂമർ കോൺട്രിബ്യൂഷൻ സമ്പ്രദായം പുനഃസ്ഥാപിച്ചുകൊണ്ട് തീരുമാനം ഉണ്ടായിട്ടുണ്ടോ ;

(ബി) എങ്കിൽ, നിറുത്തൽ ചെയ്തിരുന്ന കോൺട്രിബ്യൂഷൻ സമ്പ്രദായം വീണ്ടും കൊണ്ടുവരുന്നതിനുള്ള കാരണം വ്യക്തമാക്കുമോ ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണ പിള്ള) :

(എ) ഉണ്ട്.

(ബി) വിദ്യുച്ഛക്തി കണക്ഷൻ കിട്ടുന്നതിനു മുൻഗണന ലഭിക്കാൻ വേണ്ടി സ്വമേധയാ കോൺട്രിബ്യൂഷൻ നൽകാൻ സന്നദ്ധത പ്രകടിപ്പിക്കുന്നവരിൽനിന്നും അതു സ്വീകരിക്കാൻ ബോർഡ് തീരുമാനിച്ചിട്ടുണ്ട്. കേരള ഹൈക്കോടതിയുടെ വിധിയനുസരിച്ചാണ് ഇതു നടപ്പിലാക്കിയത്.

LIBRARY ARCHIVES Kerala Legislative Assembly